**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 228* 17.8.2017-ൽ മറുപടിയ്ക്ക്**

## കേരളത്തിന്റെ തനത് നാടൻപശു ഇനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.എൻ.ഷംസുദ്ദീൻ** | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ മന്ത്രി) |
| എ) കേരളത്തിന്റെ തനത് നാടൻപശു ഇനങ്ങൾ ഏതൊക്കെയാണ്; ഇത്തരം പശുക്കളുടെ സവിശേഷത, എണ്ണം എന്നിവയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | എ) വെച്ചൂർ, കാസർഗോഡ് കുള്ളൻ എന്നിവയാണ് കേരളത്തിന്റെ തനത് നാടൻ പശു ഇനങ്ങളായി അംഗീകരിക്കപ്പെട്ടിരിക്കുന്നത്. 2012 ലെ കന്നുകാലി സെൻസസ് പ്രകാരം 77000 നാടൻ പശുക്കൾ കേരളത്തിലുണ്ട്. ഇതിൽ യഥാർത്ഥ വെച്ചൂർ പശുക്കൾ 2500 മാത്രമാണ്. ബാക്കിയുള്ളത് കാസർഗോഡ് കുള്ളൻ ഉൾപ്പെടെ വ്യക്തമായ ജനുസ്സിന്റെ ലക്ഷണങ്ങളില്ലാത്ത ഇനങ്ങളാണ്. കേരള വെറ്ററിനറി സർവ്വകലാശാല ഇത്തരം പശുക്കളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. വളരെ ചെറിയ പശുക്കളാണ് നാടൻ ജനുസ്സുകൾ. വെച്ചൂർ പശുക്കൾക്ക് 90-120 സെ. മീ. മാത്രമാണ് പൊക്കം. സങ്കരവർഗ്ഗ പശുക്കളെ അപേക്ഷിച്ച് ഇവയ്ക്ക് തീറ്റ കുറച്ച് മതിയാകും രോഗപ്രതിരോധ ശേഷി കൂടുതലാണ്. എന്നാൽ പരമാവധി പ്രതിദിന പാലുൽപ്പാദനം രണ്ടര ലിറ്ററാണ്. |
| ബി) ഇത്തരം പശുക്കളുടെ സംരക്ഷണവും വംശവർദ്ധനവും ലക്ഷ്യം വച്ച് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകുമോ; | ബി) കെ.എൽ.ഡി ബോർഡ് നല്ലയിനത്തിലുള്ള തനത് നാടൻ പശുക്കളുടെ ബീജം ഉല്പാദിപ്പിച്ച് വിവിധ മൃഗാശുപത്രികൾ വഴി വിതരണം ചെയ്തു വരുന്നു. ബോർഡിന്റെ തന്നെ |

ഉടമസ്ഥതയിലുള്ള തൃശ്ശൂരിലെ പുത്തൂരിലുള്ള ഫാമിൽ നാടൻ പശുക്കളുടെ ബീജം ശേഖരിച്ച് സൂക്ഷിക്കുന്നു.
വടക്കൻ കേരളത്തിലെ നാടൻ പശുവിനമായ ''കാസർഗോഡ് ഡ്വാർഫ് '' എന്ന ഇനത്തെ സംരക്ഷിക്കാൻ മാത്രമായി കാസർഗോഡ് ബദിയടുക്കയിൽ മൃഗസംരക്ഷണ വകുപ്പ് ഒരു ഫാം നടത്തി വരുന്നു.

വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ അതേ ജനുസ്സിൽപ്പെട്ട വിത്തുകാളകളുടെ ബീജം കൊണ്ട് കുത്തിവെക്കുന്നതിനായി ഈ ജനുസ്സിൽ പെട്ട വിത്തു കാളകളുടെ ഗാഢ ശീതീകരിച്ച ബീജമാത്രകൾ കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ് സംസ്ഥാനത്തിനകത്തെ ആവശ്യമുള്ള എല്ലാ കൃത്രിമ ബീജധാന കേന്ദ്രങ്ങളിലും എത്തിക്കുകയും സൗജന്യ കൃത്രിമ ബീജധാനം നൽകുകയും ചെയ്യുന്നുണ്ട്.
രാഷ്ട്രീയ ഗോകുൽ മിഷൻ വഴിയും നാടൻ പശുക്കളെ സംരക്ഷിച്ച വരുന്നു.

സി) വെച്ചൂർ പശുക്കളുടെ സംരക്ഷണവും വംശവർദ്ധനവും ലക്ഷ്യമാക്കി കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ;

സി) കേരളത്തിലെ പ്രധാന നാടൻ പശുവിനങ്ങളായ വെച്ചൂർ പശു, കാസർഗോഡ് കുള്ളൻ എന്നിവയെ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള കുടപ്പനക്കുന്നിലെ ജില്ലാ കന്നുകാലി കേന്ദ്രം , വിതുരയിലെ ജഴ്സി ഫാം എന്നീ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നുണ്ട്. തൃശ്ശൂരിലെ മണ്ണുത്തിയിലുള്ള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയിൽ വെച്ചൂർ പശുവിനെ സംരക്ഷിക്കുന്നതിനായി ഒരു ഫാം നടത്തി വരുന്നുണ്ട്. കൂടാതെ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് എന്ന

| | |
|---|---|
| | പേരിലുള്ള ഒരു സ്ഥാപനം ഇവയെ സംരക്ഷിച്ചു വരുന്നു.<br>വെച്ചൂർ, കാസർഗോഡ് കുള്ളൻ പശുക്കളെ പരിപാലിക്കുന്ന 300 ഓളം കർഷകർക്കു ഒറ്റത്തവണ ധനസഹായമായി 10,000/- രൂപ വിവിധ പദ്ധതികളിലായി കെ.എൽ.ഡി. ബോർഡ് നൽകി വരുന്നു.<br>വെച്ചൂർ പശുക്കളുടെ സംരക്ഷണത്തിനായി തൃശ്ശൂർ ജില്ലയിലെ പുത്തൂർ ലൈവ്സ്റ്റോക്ക് ഫാമിൽ ഈ ഇനത്തിൽപെട്ട പശുക്കളേയും കന്നുക്കുട്ടികളേയും പരിപാലിച്ചു പോരുന്നു. |
| ഡി) സംസ്ഥാനത്തെ മൊത്തം ഡി) പശുക്കളുടെ എണ്ണം സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | കണക്കെടുപ്പ് നടത്തിയിട്ടുണ്ട്.<br>2012 ലെ കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 13.29 ലക്ഷം പശുക്കൾ ആണ് ഉള്ളത്. |

സെക്ഷൻ ഓഫീസർ